LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണർ, എഫ്.ഡി.എ. മഹാരാഷ്ട്രയുടെ അദ്ധ്യക്ഷതയിൽ ഉപസമിതി രൂപീകരിക്കുവാൻ 48-ാമത് ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. ഇ-കോമേഴ്സിന്റെ പുരോഗതിയെ മുൻനിർത്തി ഓൺലൈൻ വ്യാപാരം പോലുള്ള പുതിയ സാങ്കേതിക വിദ്യയുടെ ആവിർഭാവം ഉൾക്കൊണ്ടു കൊണ്ട് ആയതിനെ നിയമാനുസൃതമാക്കേണ്ടത് അനിവാര്യമായതിനാൽ വികസിത രാജ്യങ്ങളിൽ പ്രാവർത്തികമായിട്ടുള്ള പ്രസ്തുത സംരംഭങ്ങളുടെ പ്രായോഗിക വശങ്ങളെക്കുറിച്ചും നിയമ സാധുതകളെക്കുറിച്ചും കൂടുതൽ പരിശോധിക്കാനായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഉപസമിതിയുടെ പ്രാരംഭ യോഗത്തിൽ, വ്യക്തികൾ/സംഘടനകൾ/വ്യാപാര മേഖലയിലുള്ളവർ/കമ്പനികൾ എന്നിവർ ഉൾപ്പെടുന്ന പൊതുജനങ്ങളിൽനിന്നും വിഷയ സംബന്ധമായ കാര്യങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതമാക്കുന്നതിലേക്കായുള്ള ഭേദഗതികൾ കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ലും ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945-ലും വരുത്തുമെന്നാണ് പ്രതീക്ഷ.

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945-ന് വിരുദ്ധമായി നടത്തിവരുന്ന ഇത്തരത്തിലുള്ള ഓൺലൈൻ മരുന്ന് വ്യാപാരം വഴി വ്യാജമരുന്നുകൾ/ലഹരിക്കായി ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ എന്നിവ യാതൊരു നിയന്ത്രണവുമില്ലാതെ വിറ്റഴിക്കപ്പെടാനുള്ള സാധ്യതയുണ്ട്. കൂടാതെ മരുന്നിന്റെ വില കുറയാനുള്ള സാധ്യതയുമുണ്ട്. ഓൺലൈൻ മരുന്ന് വ്യാപാരത്തിന്റെ അനുകൂല-പ്രതികൂല ഫലങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഡോക്ടർ ഹർഷദീപ് കാംപ്ലെ അദ്ധ്യക്ഷനായ മേൽ സൂചിപ്പിച്ച ഉപസമിതി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്കേ അറിയുവാൻ കഴിയൂ.

ഔഷധസസ്യങ്ങളുടെ ലഭ്യതക്കുറവ്

20(*230) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മരുന്നുല്പാദിപ്പിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഔഷധസസ്യങ്ങൾക്കായി ടി.ബി.ജി.ആർ.ഐ.-യെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ കർഷകരെക്കൂടി സഹകരിപ്പിച്ച് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിച്ച് ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഇതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ മുഖേന അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന ഔഷധസസ്യ ബോർഡ് പൊതുജനങ്ങൾക്കിടയിൽ ഔഷധസസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം, സംരക്ഷണം, പരിപോഷണം, കൃഷി, സൗജന്യ ഔഷധ തൈകളുടെ വിതരണം എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ഔഷധ വിതരണ രംഗത്തെ ഏക പൊതുമേഖലാ സ്ഥാപനമായ ഔഷധി ഔഷധ സസ്യങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ കർഷകർക്ക് സൗജന്യമായി ഔഷധ സസ്യങ്ങൾ നല്കിവരുന്നു.

(സി) ഔഷധി ടി.ബി.ജി.ആർ.ഐ.-യുമായി സഹകരിച്ച് 'ജീവനി' എന്ന മരുന്ന് ഉത്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കാവശ്യമായ ഔഷധ സസ്യങ്ങൾ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരുള്ള കേരള കാണി സമുദായ ട്രസ്റ്റിൽനിന്നും വിലകൊടുത്ത് ശേഖരിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ സർക്കാർ ആയുർവേദ കോളേജ് ഫാർമക്കോഗ്നസി യൂണിറ്റിൽ ലഭ്യമല്ലാത്ത ഔഷധസസ്യങ്ങൾക്കുവേണ്ടി ടി.ബി.ജി.ആർ.ഐ.-യെ സമീപിച്ചിട്ടുണ്ട്.

GPM. 2/242/2020-9

LIBRARY ARCHIVES Kerala Legislative Assembly